**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5295** **15-03-2023 - ൽ മറുപടിയ്ക്ക്**

**പ്രകൃതിദുരന്തം മൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ 2020-21, 2021-22 വർഷത്തിൽ പ്രകൃതിദുരന്തം മൂലം കൃഷിനാശമുണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നഷ്ടപരിഹാരം കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 489.82774 ലക്ഷം രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം 2020-2021 വർഷത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം 4314.93940 ലക്ഷം രൂപയും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം (SDRF) 1654.84163 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2021-2022 വർഷത്തിലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിഹിതം 1131.41697 ലക്ഷം രൂപയും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം (SDRF) 1261.16330 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>ഇനിയും നൽകുവാനുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ കാലഘട്ടത്തിൽ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം പൂർണമായും കൊടുത്തു തീർത്തിട്ടുണ്ടോ; നെൽ കർഷകർക്കുള്ള ഇൻസെന്റീവ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ചുവന്ന 2020-21 വർഷത്തിലെ നഷ്ടപരിഹാരം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിലെ എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ചുവന്ന നഷ്ടപരിഹാരം തൃശൂർ ജില്ല ഒഴികെയുള്ള 13 ജില്ലകൾക്കും പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.<br><br>നെൽ കർഷകർക്കുള്ള നെല്ല് ഉല്പാദന ബോണസ്, പദ്ധതി പ്രകാരം ഉല്പാദന ബോണസിന് അർഹതയുള്ള കർഷകർക്ക് മുൻ കാലങ്ങളിലെ കുടിശ്ശിക നൽകാനുള്ളത് ഉൾപ്പെടെ ഈ |

| | | | |
|---|---|---|---|
| | | | കാലയളവിൽ (2020-21, 2021-22) വിതരണം ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 1348.10397 ലക്ഷം രൂപയും 2021-22 ൽ ഈ പദ്ധതിയിലൂടെ 752.43704 ലക്ഷം രൂപയും വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | കർഷകർക്ക് പച്ചക്കറി സംഭരിച്ച വകയിൽ 2020 കാലഘട്ടത്തിൽ കൊടുത്ത് തീർക്കുവാനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; 2012-ൽ പ്രഖ്യാപിച്ച ട്രാൻപോർട്ടിംഗ് ചാർജ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കർഷകർക്ക് പച്ചക്കറി സംഭരിച്ച വകയിൽ 2020-21 വർഷത്തിൽ 7.88010 ലക്ഷം രൂപയും, 2021-22 വർഷത്തിൽ 11.17712 ലക്ഷം രൂപയും 2022-23 വർഷത്തിൽ (31-12-2022 വരെ) 15.83467 ലക്ഷം രൂപയും ചേർത്ത് ആകെ 34.89189 ലക്ഷം രൂപ നൽകുവാനുണ്ട്. ടി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ടിംഗ് ചാർജ് വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഡി) | കടുത്തുരുത്തി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘമൈത്രി ലേലകേന്ദ്രത്തിന് നൽകുവാനുള്ള കൈകാര്യ ചെലവ് 2019 മുതൽ സംഘത്തിനും കർഷകർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും അത് എന്നത്തേക്ക് കൊടുത്തുതീർക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | 01/08/2019 മുതൽ 31/03/2022 വരെ 12,62,949/- രൂപ കൈകാര്യ ചെലവ് ഇനത്തിൽ ജില്ലാ സംഭരണ കേന്ദ്രത്തിന് (സംഘമൈത്രിക്ക്) നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ